# എസ്.കെ.വി. യു.പി. സ്കൂൾ
# തട്ടയിൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

**ഉള്ളടക്കം**

1. ആമുഖം - വിദ്യാലയ ചരിത്രം
2. പട്ടികപ്പെടുത്തൽ - കുട്ടികളുടെഎണ്ണം
   അദ്ധ്യാപകർ
   പി.ടി.എ ഭാരവാഹികൾ
3. വിദ്യാലയ മികവുകൾ
4. പൊതുലക്ഷ്യങ്ങൾ
5. അക്കാദമിക പ്രവർത്തനങ്ങൾ
6. ഭൗതിക സൗകര്യവികസന ആസൂത്രണരേഖ
7. വിലയിരുത്തൽ സമീപനം
8. കലാപഠനവും പ്രവൃത്തി പരിചയവും
9. ആരോഗ്യ കായിക വിദ്യാഭ്യാസം
10. പദ്ധതി വിശദാംശങ്ങൾ
    (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ
    കാലം, ചുമതല, സാമ്പത്തിക വിശകലനം)
11. ടാലന്റ് ലാബ്
12. വായന
13. ജൈവവൈവിധ്യ പാർക്ക്
14. സ്മാർട്ട് ക്ലാസ്സ് റൂം
15. പിന്തുണയും മോണിറ്ററിംഗും

# ആമുഖം

സമുദായാചാര്യൻ മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ 1105-ൽ ശ്രീകൃഷ്ണവിലാസം അപ്പർ പ്രൈമറി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. പന്തളം തെക്കേക്കര പഞ്ചായത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

ഈ അദ്ധ്യയന വർഷത്തിൽ 186കുട്ടികൾ പഠിക്കുന്നുണ്ട്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം മികവു പുലർത്തുന്നുണ്ട്. ഗവണ്മെന്റ് നടപ്പാക്കിവരുന്ന വിദ്യാഭ്യാസപരമായ എല്ലാ പ്രവർത്തനങ്ങളും സ്കൂളിൽ നടപ്പാക്കുന്നുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. 8 അദ്ധ്യാപകരും ഒരു അദ്ധ്യാപകേതര ജീവനക്കാരനും ഉൾപ്പെടെ 9 ജീവനക്കാരുണ്ട്.

കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുന്നുണ്ട്. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകും വിജയം നേടുകയും ചെയ്തിട്ടുണ്ട്. ഗിഫ്റ്റഡ് സ്റ്റുഡന്റ്സ് ഉൾപ്പെടെ യു.എസ്.എസ്. സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ട്. സംസ്ഥാനതല പ്രവൃത്തിപരിചയമേള, വിദ്യാരംഗം കലാവേദി, ജില്ലാ കലോത്സവങ്ങൾ, വിവിധ പത്രമാധ്യമങ്ങൾ നടത്തുന്ന ക്വിസ് മത്സരങ്ങൾ എന്നിവയിൽ കുട്ടികൾ പങ്കെടുക്കുകയും വിജയം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. വിശാലമായ കളിസ്ഥലം ഉണ്ട്. സ്കൂളിന് മൂന്നു വാഹനങ്ങൾ സ്വന്തമായുണ്ട്. പത്തനംതിട്ട ജില്ലയിൽ ബാന്റ് സെറ്റുള്ള രണ്ട് യു.പി. സ്കൂളുകളിൽ ഒന്നാണ് നമ്മുടെ സ്കൂൾ. നൃത്തം, സംഗീതം, യോഗ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്.

# കുട്ടികളുടെ എണ്ണം

| Std. | Boys | Girls | Total |
|---|---|---|---|
| V | 36 | 22 | 58 |
| VI | 30 | 27 | 57 |
| VII | 33 | 38 | 71 |
| Total | 99 | 87 | 186 |

# വിദ്യാലയ മികവുകൾ

1. ആഴ്ചയിൽ ഒരു ഇംഗ്ലീഷ് അസംബ്ലി
2. Easy English
3. മലയാളത്തിളക്കം
4. സയൻസ് ലാബ്
5. ലൈബ്രറി
6. ഫീൽഡ് ട്രിപ്പ്
7. സെമിനാർ
8. പച്ചക്കറി കൃഷി
9. Special Coaching for USS Scholarship
10. Seed Club പ്രവർത്തനങ്ങൾ
11. യോഗ പഠനം
12. ബാന്റ് പഠനം
13. നൃത്ത ക്ലാസ്സ്
14. സംഗീത ക്ലാസ്സ്
15. വിവിധ ക്വിസ് മത്സരം
16. ജില്ലാ കലോത്സവം

അധ്യാപകരുടെ എണ്ണം 8

അനധ്യാപകരുടെ എണ്ണം 1

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കും എന്ന് ഉറപ്പുവരുത്തുക.
* ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക.
* കുട്ടികളുടെ സർഗ്ഗപരവും അക്കാഡമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
* ICT പ്രയോജനപ്പെടുത്തി പഠനനേട്ടം എല്ലാ കുട്ടികളിലും എത്തിക്കും.
* ചതുഷ്ക്രിയകൾഎല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പു വരുത്തും.
* പരീക്ഷണത്തിലൂടെ ശാസ്ത്രത്തിൽ മികവ് നേടും.
* ചരിത്രസ്മാരക സന്ദർശനം, വിവരശേഖരണം എന്നിവയിലൂടെ ചരിത്രത്തെ അറിയും.
* പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും നടത്തും.
* ശാസ്ത്രരംഗം പ്രവർത്തനം വിപുലപ്പെടുത്തും.
* ഭിന്ന നിലവാരക്കാരെ ഉൾപ്പെടുത്തി പഠനോപകരണ നിർമ്മാണം നടത്തും.
* പഠനമികവുകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തും.
* പരിഹാരപ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും ആവശ്യാധിഷ്ഠിത മായി ആസൂത്രണം ചെയ്ത് നടപ്പാക്കും.
* റിസോഴ്സ് അധ്യാപകരുടെയും മറ്റ് വിദഗ്ധരുടെയും സഹായം ഉറപ്പ് വരുത്തും.
* കുട്ടിയുടെ പഠനം, പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്ക ളുടെ നിരന്തര പിന്തുണ ഉറപ്പാക്കും.
* ടാലന്റ് ലാബ് രൂപീകരിക്കും.
* കലാപഠനം, കായിക വിദ്യാഭ്യാസം എന്നിവ പഠന പ്രവർത്തന വുമായി ബന്ധിപ്പിക്കും.

2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഈ വർഷം ആദ്യത്തെ എസ്.ആർ.ജി. മീറ്റിംഗിൽവച്ച് ഹെഡ്മാസ്റ്റർ ശ്രീ. വി.കെ. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംഘചർച്ചയിൽ രൂപീകരിച്ചു. ഗുണതാസൂചകങ്ങൾ പരിഗണിച്ച് വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു. മുൻവർഷത്തെ മാസ്റ്റർപ്ലാൻ അവലോകനം നടത്തിയതിനുശേഷം വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് നിശ്ചിത ഫോർമാറ്റിൽ ഈ വർഷത്തെ പദ്ധതിയുടെ കരട് മെച്ചപ്പെടുത്തി എഴുതി. ഗ്രൂപ്പുകൾ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പൊതുവായി അവതരിപ്പിച്ചു. ഓരോ അവതരണത്തിനു ശേഷവും ചർച്ച ചെയ്ത് കൂട്ടിച്ചേർക്കൽ നടത്തി സമ്പുഷ്ടമാക്കി.

ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികളെ CWSN കുട്ടികൾക്കു കൂടി പ്രത്യേക പരിഗണന നൽകുന്ന വിധത്തിൽ മേഖലകളായി തരം തിരിച്ചു.

## 1. ലൈബ്രറി വികസനം

ഗ്രാമീണ മേഖലയിൽനിന്നും വരുന്ന കുട്ടികൾക്ക് ആവശ്യത്തിന് പുസ്തകം ലഭിക്കാതെ വരികയും അവർക്ക് പുറത്തുപോയി പുസ്തകം ശേഖരിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. അത് പരിഹരിക്കുന്നതിനായി വിദ്യാലയത്തിൽ ഒരു ലൈബ്രറി.

### പ്രതീക്ഷിത നേട്ടങ്ങൾ

1. കുട്ടികളിൽ വായനാശീലം വളർത്തുക
2. ഭാഷാപരമായ നൈപുണി നേടുക.
3. വായനയിൽ പ്രാവീണ്യം നേടുക.
4. വായനയിൽ താല്പര്യം വളർത്തുക.
5. പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് ഉപയോഗപ്പെടുത്താം.
6. പൊതുവിജ്ഞാനം വളർത്തുന്നതിന്.

| ക്രം. നം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|
| 1. | പുസ്തകം ശേഖരിക്കൽ - ലൈബ്രറി വിപുലീകരിക്കുന്നതിനായി പൂർവ്വ വിദ്യാർത്ഥിനികളിൽ നിന്നും കുട്ടികളുടെ ജന്മദിനവുമായി ബന്ധപ്പെട്ടും അധ്യാപകരിൽ നിന്നും പുസ്തകം ശേഖരിക്കുന്നു. | ഒക്ടോബർ |
| 2. | കുട്ടികൾക്ക് ഇരുന്ന് വായിക്കുന്നതിനാവശ്യമായ ഇരിപ്പിടവും റീഡിംഗ്റൂമും സജ്ജീകരിക്കുക | ഒക്ടോബർ |
| 3. | വിഷയാടിസ്ഥാനത്തിൽ തരംതിരിക്കുക | ഒക്ടോബർ |
| 4. | വായനയിൽ താല്പര്യം വളർത്തുന്നതിനായി ദിനപത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ അവതരിപ്പിക്കുക | ഒക്ടോബർ |
| 5. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഒരുമിച്ചിരുത്തി ചെറിയ പാട്ടുകളിലൂടെയും കളികളിലൂടെയും വായനയിൽ താല്പര്യം വളർത്താൻ ശ്രമിക്കുന്നു. | ഒക്ടോബർ |
| 6. | ഗാന്ധിജയന്തി ദിനവുമായി ബന്ധപ്പെട്ട് ആൽബം തയ്യാറാക്കൽ - ഗാന്ധിയൻ ,സൂക്തങ്ങൾ, ജീവചരിത്രക്കുറിപ്പ്, ഗാന്ധിജിയെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കൽ ഇതിനായി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തുക | ഒക്ടോബർ |
| 7. | ഓരോ ക്ലാസ്സിലെയും സമാന നിലവാരത്തിലുള്ള കുട്ടികളെ എല്ലാ ആഴ്ചയിലും ഇരുത്തി അവരുടെ നിലവാരത്തിനനുസരിച്ചുള്ള ബുക്കുകൾ വിതരണം ചെയ്യുക | നവംബർ |
| 8. | നവംബർ - 1, തുഞ്ചൻദിനം(കേരളപ്പിറവിദിനം)കേരള ചരിത്രവും കേരള സംസ്കാരവുമായി ബന്ധപ്പെട്ട പുസ്തക പ്രദർശനം | നവംബർ-ഡിസംബർ |
| 9. | എന്റെ ഗ്രാമം എന്ന വിഷയത്തെക്കുറിച്ച് കുറിപ്പുകൾ ശേഖരിക്കുന്നു. | നവംബർ-ഡിസംബർ |
| 10. | ശില്പശാലകൾ, ഡയറിക്കുറിപ്പുകൾ, ക്ലാസ്പത്രം എന്നിവയുടെ നിർമ്മാണം | ഡിസംബർ |
| 11. | ഡിജിറ്റൽ ലൈബ്രറി എന്ന ആശയം നടപ്പാക്കുന്നു. | ജനുവരി |

# പ്രവർത്തനങ്ങൾ

## (ഹ്രസ്വകാല പ്രവർത്തനങ്ങൾ)

**ലൈബ്രറി** : പുസ്തകം ശേഖരിക്കൽ, ആൽബം തയ്യാറാക്കൽ, പുസ്തക പ്രദർശനം, ഡിജിറ്റൽ ലൈബ്രറി

ചുമതല/മോണിട്ടറിംഗ് : കെ.എസ്. ശ്രീലക്ഷ്മി

**മലയാളം** : പ്രസംഗം, ഉപന്യാസം, കവിതാലാപനം, ചൊൽക്കാഴ്ച

ചുമതല/മോണിട്ടറിംഗ് : കെ.എസ്. ശ്രീലക്ഷ്മി, രമ്യാകൃഷ്ണൻ

**സംസ്കൃതം** : വായന, എഴുത്ത് എന്നിവയ്ക്കുള്ള ശേഷി കൈവരിക്കൽ, താല്പര്യം വളർത്തുക

ചുമതല/മോണിട്ടറിംഗ് : രമ്യാകൃഷ്ണൻ

**ഇംഗ്ലീഷ്** : ചിത്രവായന, കഥഎഴുതൽ, നിഘണ്ടു നിർമ്മാണം

ചുമതല/മോണിട്ടറിംഗ് : ദീപ ബി. പിള്ള

**ഹിന്ദി** : പദനിർമ്മാണം, വാക്യരചന, കഥാരചന, പോസ്റ്റർ നിർമ്മാണം, നിഘണ്ടു നിർമ്മാണം, പകർത്തെഴുത്ത്, കവിതാരചന

ചുമതല : വി. സന്തോഷ്കുമാർ

**സയൻസ്** : പരീക്ഷണം, ശാസ്ത്രപുസ്തകങ്ങൾ, മാസിക എന്നിവ ലിസ്റ്റ് ചെയ്യുന്നു, ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, ജീവശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ്

ചുമതല : എസ്. സുധാദേവി

**സോഷ്യൽ** : സാമൂഹ്യശാസ്ത്രലാബ്, ശാസ്ത്രമേള, പുരാവസ്തുക്കൾ, നാണയം എന്നിവയുടെ ശേഖരണം

ചുമതല : ചിത്ര ജി

**ഗണിതം** : പ്രായോഗിക പ്രശ്നിർദ്ധാരണം, ഓറിഗാമി, ശില്പശാല, ഗണിതലാബ്, പോർട്ട്ഫോളിയോ, ഗണിതക്ലബ്

ചുമതല : ഇന്ദു ആർ.

## മലയാളം

| ക്ര നം. | മേഖല | പ്രവർത്തനം | കാലയളവ് | സംഘടന ചുമതല |
|---|---|---|---|---|
| 1. | കവിതാലാപനം ചൊൽക്കാഴ്ച | മലയാളഭാഷയെക്കുറിച്ച് എഴുതിയിട്ടുള്ള കവിതകൾ ശേഖരിച്ച് വ്യത്യസ്തമായ ഈണത്തിലും ഭാവത്തിലും അവതരിപ്പിക്കുന്നു. | 3 ആഴ്ച | അധ്യാപകർ കുട്ടികൾ |
| 2. | പ്രസംഗം നിവേദനം ഉപന്യാസം | പ്രകൃതി സ്നേഹത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന പ്രസംഗം, നിവേദനം എന്നിവ തയ്യാറാക്കുന്നു. | 1 ആഴ്ച | ഗ്രൂപ്പ് ലീഡർ കുട്ടികൾ |
| 3. | നാടകം | പാഠഭാഗത്തിലെ നാടകം വായിച്ച് ഉള്ളടക്കം, കഥാപാത്രങ്ങൾ, സംഭാഷണം, പശ്ചാത്തലം എന്നിവ ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു | 1 മാസം | അധ്യാപകർ, കുട്ടികൾ രക്ഷിതാക്കൾ |
| 4. | നാടൻപാട്ടുകൾ പഴഞ്ചൊല്ലുകൾ | പഴഞ്ചൊല്ലുകൾ ശേഖരിച്ച് അവയുടെ അർത്ഥവും സാരാംശവും വ്യാഖ്യാനിക്കുന്നു. നാടൻപാട്ടുകൾ ശേഖരിച്ച് ഈണത്തിലും താളത്തിലും ചൊല്ലുന്നു | 3 ആഴ്ച | ഗ്രൂപ്പ് ലീഡർ |
| 5. | സഞ്ചാര സാഹിത്യം | യാത്രാവിവരണം തയ്യാറാക്കൽ | 1 ആഴ്ച | കുട്ടികൾ |
| 6. | ആസ്വാദന- ക്കുറിപ്പ് | കവിതയിലെ ആശയങ്ങൾ, സവിശേഷമായ പ്രയോഗങ്ങൾ, കാവ്യഭാഷയുടെ തനിമ, എന്നിവ ഉൾക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | 1 ആഴ്ച | |
| 7. | കഥാരചന | കഥാപാത്രങ്ങൾ, ഉചിതമായ പശ്ചാത്തലം, കഥാഗതിയിലെ പരിണാമങ്ങൾ, സ്വാഭാവികമായ തുടക്കം, ഒടുക്കം എന്നിവ ഉൾക്കൊണ്ട് കഥ എഴുതുന്നു | 2 ആഴ്ച | |

| ക്രമ നം. | മേഖല | പ്രവർത്തനം | കാലയളവ് | സംഘടന ചുമതല |
|---|---|---|---|---|
| 8. | ദൃക്സാക്ഷി വിവരണം | മുന്നിൽ നടക്കുന്ന ഒരു സംഭവത്തെ മറ്റുള്ളവർക്ക് നേരിൽകണ്ട പ്രതീതി ഉളവാക്കുന്ന രീതിയിലുള്ള അവതരണം. | 2 ആഴ്ച | |
| 9. | ചുമർ പത്രിക | ചിത്രങ്ങളും വിവരണങ്ങളും ഇടകലർത്തി ആകർഷകമായ തലക്കെട്ടും അടിക്കുറിപ്പുകളും ആകർഷകമായ നിറം കൊടുത്ത് ചെയ്യുന്നു | 1 മാസം | |

## സംസ്കൃതം

**ലക്ഷ്യങ്ങൾ**

* എല്ലാ കുട്ടികൾക്കും സംസ്കൃതഅക്ഷരങ്ങൾ എഴുതാനും വായിക്കാനും ഉള്ള ശേഷി കൈവരിക്കൽ.
* സംസ്കൃതഭാഷാപഠനത്തിൽ താല്പര്യം വളർത്തുക.
* പുരാണകലകളും കഥകളും ആസ്വദിക്കാനും അവതരിപ്പിക്കാനും ഉള്ള ശേഷി നേടുക.
* സംസ്കൃതഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവും ശേഷിയും നേടുക.
* സംസ്കൃതഭാഷാപഠനത്തിൽ കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

**പ്രവർത്തനം**

1. വായന

* തെരഞ്ഞെടുക്കുന്ന ലളിതമായ പുസ്തകം
* സംസ്കൃത ലൈബ്രറി
* സംസ്കൃത ചിത്രകഥാബുക്കുകളും പുരാണപുസ്തകങ്ങളും
* ഗദ്യ-പദ്യപുസ്തകങ്ങൾ
* സംസ്കൃത ക്വിസ് ബുക്ക്

**ലക്ഷ്യം**

മുഴുവൻ കുട്ടികൾക്കും വാക്കുകളും വാചകങ്ങളും വായിക്കാൻ സഹായം

2. എഴുത്ത്

* വായനാകാർഡ് നിർമ്മാണം
* ചുമർപത്രികാ നിർമ്മാണം
* ക്ലാസ് മാസികാ നിർമ്മാണം

**ലക്ഷ്യങ്ങൾ**

നല്ല നിർമ്മാണപ്രവർത്തനങ്ങൾ കണ്ടെത്തുക, ചിത്രങ്ങൾക്ക് നിറം നൽകി ശേഖരിച്ച് വായനാ കാർഡുകൾ നിർമ്മിക്കുക.

3. **ആസ്വാദനം**

കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്ന വീഡിയോ പ്രദർശനം.

**ലക്ഷ്യങ്ങൾ:-** പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികൾക്ക് പ്രചോദനം നൽകുകയും അവരെ ആസ്വാദനതലത്തിലേക്ക് കൂട്ടിക്കൊണ്ടുവരാനുള്ളഅവസരം സൃഷ്ടിക്കുകയും ചെയ്യുന്നു.

4. **മത്സരങ്ങൾ**

* ക്വിസ്
* പദനിർമ്മാണം
* പദപ്രശ്നം
* ഗദ്യ-പദ്യ പ്രശ്നോത്തരി
* കളറിംഗ്
* ഗദ്യവായന
* കഥപറയൽ

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികളും വിജയിക്കണം എന്ന രീതിയിൽ സ്കൂളിൽ കാറ്റഗറി തിരിച്ചുള്ള മത്സരങ്ങൾ നടത്തി കുട്ടികളെ ഭാഷയിൽ തൽപ്പരരാക്കുക.

5. **ദിനാചരണം**

വ്യത്യസ്ത ദിനാചരണങ്ങളുടെ ഭാഗമായി സംസ്കൃതത്തിൽ പോസ്റ്റർ നിർമ്മാണ മത്സരങ്ങളും പ്രസംഗമത്സരങ്ങളും കഥ-കവിത-ആലാപന മത്സരങ്ങളും സംഘടിപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ-** സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട്/A4 സൈസ് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ/കൊളാഷ് നിർമ്മിക്കുക

6. **സംസ്കൃത കലോത്സവം**

വിശിഷ്ട വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തിയ ഉദ്ഘാടനവും ആദരിക്കൽ ചടങ്ങും.

**ലക്ഷ്യങ്ങൾ-** സംസ്കൃത കലോത്സവം നടത്തി ഭാഷാ അഭിരുചി വളർത്തുക.

7. **സംസ്കൃതഅഭിരുചി പരീക്ഷയിലൂടെ:-**

സംസ്കൃത ഭാഷാ പ്രാവീണ്യം മറ്റുള്ളവരിൽ എത്തിക്കുക, ആകർഷകമായ സമ്മാനം നൽകുക.

# English

Objectives

- Learners can write meaningful sentences relevent to the context.
- Writes letter keeping the format and conveying the message including personal opinions.
- Prepare notice suitable to the context.
- Writes the thoughts of a character using expressions relevent to the context.
- Learners can participate in conversations, discussions and debates.
- They can read and enjoy the Englsh stories and poems.

| Sl.No | purpose | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1. | Learners can use English language easily | Description-picture, Conversation preparation of Cross-word puzzle | June - August | Text book Picture book | BRC PTA DIET SCERT |
| 2. | Increase learners imagination level. They can make formal presentatios of the constructed discourses | Thought letter Newspaper report, Story writing | September-October | Text book Story book Newspaper | BRC PTA DIET SCERT |
| 3. | Learners can write ones own views on the issue | Undertakig project work, write-up, Framing questions Dictionary making | November-February | Dictionary Text book | BRC PTA DIET SCERT |

## ഹിന്ദി

### ഭാഷാവികാസം

**ലക്ഷ്യങ്ങൾ**

* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
* കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക.
* ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.
* എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
* സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക.
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

1. **വായനാ കാർഡുകൾ തയ്യാറാക്കൽ**

**പ്രവർത്തനങ്ങൾ**

ഹിന്ദി അക്ഷരം തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കാൻ വായനാ കാർഡുകൾ തയ്യാറാക്കുന്നു. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ പേരുകൾ ചേർക്കുക. രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് ചേർത്ത് വായനക്കായി ഒരുക്കുക, ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനക്കായി തയ്യാറാക്കുക. ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവ സ്ഥിരമായി വായിക്കുന്നതിന് പ്രത്യേകം തയ്യാറാക്കും. ബാലഗീതങ്ങൾ, കവിതാശകലങ്ങൾ, ലഘുപ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടുകൂടി ക്ലാസ്സുകൾ ആരംഭിക്കും.

2. **ഹിന്ദി വായന**

**പ്രവർത്തനങ്ങൾ**

കുട്ടികളുടെ അധികവായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ച് ഗ്രന്ഥശാല ഒരുക്കുക. വലിയ അക്ഷരങ്ങളോടുകൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ

ഹിന്ദി കഥാബുക്കുകൾ, ചിത്രങ്ങൾ, ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായുള്ള പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ ലഭ്യമാക്കുക.

3. **ഹിന്ദി എഴുത്ത്**

**പ്രവർത്തനങ്ങൾ**

കോപ്പിബുക്ക് അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പിബുക്കിൽ വൃത്തിയായി എഴുതും. ബാലഗീതങ്ങൾ കവിതകൾ ശേഖരിക്കുന്നതിനും കോപ്പിബുക്ക് ഉപയോഗിക്കും. പ്രദർശന സാമഗ്രികൾ ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ ചുമർപത്രിക തയ്യാറാക്കും. A4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ്സ് മാസികകൾ തയ്യാറാക്കും. വർക്കുബുക്കുകൾ തയ്യാറാക്കി ഭാഷാനൈപുണികളും ഭാഷാ വ്യവഹാരരൂപങ്ങളും അധ്യാപകന്റെ മേൽ നോട്ടത്തിൽ പരിശീലിപ്പിക്കും.

4. **ഹിന്ദി ആസ്വാദനം**

**പ്രവർത്തനങ്ങൾ**

വിദ്യാർത്ഥികൾക്ക് അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും . അവതരിപ്പിക്കുന്നതിനായിട്ട് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും സന്നിഹിതരായിക്കുന്ന വേദി ഒരുക്കും മുഴുവൻ വിദ്യാർഥികൾക്കും അവസരം ലഭിക്കുന്നവിധം അവതരണപരിപാടികൾ നടത്തും.

5. **ഹിന്ദി അസംബ്ലി**

**പ്രവർത്തനങ്ങൾ**

ഓരോ ക്ലാസ്സുകൾക്കും അസംബ്ലി നടത്തേണ്ട ചുമതല മുൻകൂട്ടി നിശ്ചയിച്ച് നൽകും. ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താപാരായണം, ജന്മദിന ആശംസാഗീതം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും.

6. **ഹിന്ദി മത്സരങ്ങൾ**

**പ്രവർത്തനങ്ങൾ**

ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവുകൾ പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും.

7. **ഹിന്ദി ക്ലബ്ബ്**

**പ്രവർത്തനങ്ങൾ**

വിദ്യാലയത്തിലെ ഹിന്ദിഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും വിദ്യാർത്ഥികളുടെ കൂട്ടായ്മക്കായി ഹിന്ദി ക്ലബ്ബ് രൂപീകരിച്ച് പ്രവർത്തിക്കും.

8. **ദിനാചരണങ്ങൾ**

**പ്രവർത്തനങ്ങൾ**

ഹിന്ദിദിനം, പരിസ്ഥിതിദിനം, ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദിഭാഷയിൽ പോസ്റ്റർ എഴുതി പ്രദർശിപ്പിക്കും.

9. **സുരീലി ഹിന്ദി**

**പ്രവർത്തനങ്ങൾ**

ഹിന്ദി പഠനം ആസ്വാദ്യകരവും ആനന്ദകരവുമാക്കുന്നതിനും ആശയങ്ങൾ തെറ്റ്കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനും കുട്ടികളിൽ കലാഅഭിരുചി വളർത്തുന്നതിനും ദൃശ്യാവിഷ്കാരത്തോടെ മികവുകൾ പ്രദർശിപ്പിക്കാനുമുള്ള അവസരം ഒരുക്കും.

10. **വിവരസാങ്കേതികവിദ്യ**

**പ്രവർത്തനങ്ങൾ**

ഹിന്ദിപഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവധ ദൃശ്യ ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതികവിദ്യ വിനിയോഗിക്കും.

11. **ഹിന്ദി ഫെസ്റ്റ്**

**പ്രവർത്തനങ്ങൾ**

ഹിന്ദിദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദിഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെക്കൊണ്ട് ഉദ്ഘാടനം നടത്തും.

## അടിസ്ഥാന ശാസ്ത്രം

### ലക്ഷ്യങ്ങൾ

* അക്കാദമികവർഷം മികവിന്റെ വർഷമാക്കി മാറ്റുന്നതിന് സഹായകരമായവിധം അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.
* പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾക്ക് അനുഗുണമായി വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* ഐ.സി.ടി.അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും നടത്തുക.
* സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനിക വത്ക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.

### പ്രതീക്ഷിത നേട്ടങ്ങൾ

* ശാസ്ത്രാഭിരുചി വളർത്തുന്നതിന്
* പ്രക്രിയാശേഷികൾ സ്വാഭാവികമായിട്ട് ആർജ്ജിക്കൽ.
* വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവരം ലഭിക്കുന്നു.
* ഇതുവരെ പ്രതികരിക്കാത്ത കുട്ടികൾക്ക് ആദ്യപരിഗണന.
* പഠനപ്രയാസം അനുഭവപ്പെടുന്ന കുട്ടികളെ അത് മറികട ക്കാൻ പ്രാപ്തരാക്കുന്നു.

| ക്ര. നം | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1. | ശാസ്ത്രലാബ് നിർവ്വഹണം | യു.പി.ക്ലാസ്സുകളിലെ ശാസ്ത്രപരീക്ഷണങ്ങൾ ലിസ്റ്റ് തയ്യാറാക്കൽ, വേണ്ടസാമഗ്രികളുടെയും വസ്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കൽ, സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നു, ശാസ്ത്ര ഉപകരണങ്ങൾ, രാസവസ്തുക്കൾ ശേഖരണം. വാങ്ങിയ ഉപകരണങ്ങളുടെ ക്രമീകരണം. | ജൂൺ-ജൂലൈ |

| ക്ര. നം | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 2. | Simple Task Great Concept | പരീക്ഷണങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ്സ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുന്നു. ലിസ്റ്റിന്റെ കോപ്പി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ- ഡിസംബർ |
| 3. | ശാസ്ത്ര സാഹിത്യം | ശാസ്ത്രപുസ്തകങ്ങളും മാസിക കളും ലൈബ്രറിയിൽ ഉൾപ്പെടു ത്താനായി ലിസ്റ്റ് ചെയ്യുന്നു | നവംബർ |
| 4. | ശാസ്ത്ര പോഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു.<br>ദിനാചരണവുമായി ബന്ധപ്പെട്ട സി.ഡി.കളുടെ ശേഖരണം.<br>ശാസ്ത്രജ്ഞന്മാരുടെ ജീവചരി ത്രക്കുറിപ്പ് തയ്യാറാക്കൽ.<br>സയൻസ് ഡയറിയിൽ സമകാ ലീന ശാസ്ത്രവാർത്തകൾ അപ്ഡേറ്റ് ചെയ്യൽ. | ജൂൺ- ജൂലൈ |

# സാമൂഹ്യശാസ്ത്രം

## സാമൂഹ്യശാസ്ത്രലാബ്

പദ്ധതിയുടെ പേര് : സാമൂഹ്യശാസ്ത്രലാബ്

## അവസ്ഥാവിശകലനം

പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുട്ടികളിൽ നിന്നും ലഭ്യമായ പ്രതികരണങ്ങളിൽ നിന്നും വിവരശേഖരണത്തിനും ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും കൂടുതൽ അറിവ് ലഭ്യമാക്കുന്നതിനും പാഠപുസ്തകങ്ങൾ അപര്യാപ്തമാണെന്ന് മനസ്സിലാക്കി.

## പ്രതീക്ഷിത നേട്ടങ്ങൾ

* സാമൂഹ്യശാസ്ത്രപഠനം എളുപ്പമാക്കുക.
* സാമൂഹ്യമൂല്യങ്ങൾ വളർത്തുക.
* പ്രകൃതി വിഭാഗങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക.
* പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതാണെന്ന് ബോധ്യപ്പെടുത്തുക.
* പൈതൃകസമ്പത്തിനെക്കുറിച്ച് ബോധവാന്മാരാക്കുക.
* ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന അവ ബോധം വളർത്തുക.
* സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല പൗരന്മാരായി വളരുക.

| ക്ര. നം | പ്രവർത്തനഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|
| 1. | സാമൂഹ്യശാസ്ത്രപഠനത്തിന് സാമൂഹ്യശാസ്ത്രലാബിന്റെ ആവശ്യകത SRG യോഗത്തിൽ അവതരിപ്പിച്ച് ചർച്ചചെയ്യുന്നു | ഒക്ടോബർ ആദ്യ ആഴ്ച |
| 2. | ലാബ് സജ്ജീകരിക്കാൻ ആവശ്യമായസ്ഥലം കണ്ടെത്തുന്നു. സ്കൂളിൽ ഉള്ള ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. | ഒക്ടോബർ രണ്ടും മൂന്നും ആഴ്ചകൾ |
| 3. | കൂടുതൽ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുന്നതിനായി SRGയിൽ ചർച്ച ചെയ്യുന്നു. | നവംബർ ആദ്യത്തെ ആഴ്ച |
| 4. | പി.ടി.എ.യുടെ എക്സിക്യൂട്ടീവ് യോഗവും പൂർവ്വ വിദ്യാർത്ഥീസമ്മേളനവും സംഘടിപ്പിക്കുന്നു. | ഒക്ടോബർ രണ്ടും മൂന്നും ആഴ്ചകൾ |
| 5. | പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ സാമ്പത്തിക ചെലവുകൾ കണ്ടെത്തുന്നു. | നവംബർ രണ്ടും മൂന്നും ആഴ്ചകൾ |
| 6. | കുട്ടികളുടെ സഹായത്തോടെ ചരിത്രസ്മാരകങ്ങളുടെ (താജ്മഹൽ, പാർലമെന്റ് മന്ദിരം, രാജ്ഭവൻ, ജാലിയൻ വാലാബാഗ്) രൂപങ്ങൾ ശേഖരിക്കുന്നു. | ഡിസംബർ– ജനുവരി മാസം |
| 7. | പുരാവസ്തുക്കൾ, നാണയങ്ങൾഎന്നിവയുടെ ശേഖരണം സോഷ്യസയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു. | ജനുവരി– ഫെബ്രുവരി മാസം |
| 8. | ശാസ്ത്രമേളയോടനുബന്ധിച്ച് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കുന്നവയിൽ മികച്ചവ കണ്ടെത്തി സോഷ്യൽ സയൻസ് ലാബിൽ ഉൾപ്പെടുത്തുന്നു. | ഫെബ്രുവരി |
| 9. | രേഖാംശം, അക്ഷാംശം സമയനിർണ്ണയം, പ്രദേശങ്ങളുടെ സ്ഥാനങ്ങൾ എന്നിവ കണ്ടെത്തുന്നതിനും സൂര്യന്റെ സാങ്കൽപ്പികസ്ഥാനം മനസ്സിലാക്കുന്നതിനും ഗ്ലോബ് ഉപയോഗിക്കുന്നു. | ഫെബ്രുവരി |
| 10. | 6–ാം സ്റ്റാൻഡേർഡിലെ പ്രകൃതിയുടെ വരദാനം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു | ഫെബ്രുവരി |

സാമൂഹ്യശാസ്ത്ര ആശയങ്ങൾ കുട്ടികളിലെത്തിക്കുന്നതിനായി തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് സാമൂഹ്യശാസ്ത്രലാബ് ഉപയോഗപ്പെടുത്തുന്നു.

## ഗണിതം

### പ്രവർത്തനം – 1 മന:ക്കണക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭിന്നസംഖ്യ, ദശാശസംഖ്യ ഇവ ഉപയോഗിച്ചുള്ള പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് | ഭിന്നസംഖ്യ ഉപയോഗിച്ചുള്ള ക്രിയകളെ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നു. (1/2, 3/4,1/4 Etc.) ദശാംശസംഖ്യകളുടെ ചതുഷ്ക്രിയകൾ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നു | ഒരാഴ്ച |

### പ്രവർത്തനം – 2 ശതമാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശതമാനത്തിന്റെ പ്രായോഗികത കണ്ടെത്തുന്നു. | ശതമാനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു, അപഗ്രഥിക്കുന്നു, നിർദ്ധാരണം ചെയ്യുന്നു. | രണ്ടാഴ്ച |

### പ്രവർത്തനം – 3 കൂട്ടാം കുറയ്ക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പോസിറ്റീവ്, നെഗറ്റീവ് സംഖ്യകളുടെ സങ്കലനം, വ്യവകലനം | വിവരശേഖരണം, റേഡിയോ/ടി.വി എന്നിവയിലെ വാർത്താ നിരീക്ഷണം, ലളിതവത്ക്കരിക്കൽ, നിയമം രൂപീകരിക്കൽ | ഒരാഴ്ച |

### പ്രവർത്തനം – 4 ഓറിഗാമി ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം സംഘടിപ്പിക്കൽ | രണ്ടാഴ്ച |

### പ്രവർത്തനം – 5 ഗണിതലാബ് ശാക്തീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽവച്ച് ഗണിതക്ലാസ്സ് നടത്തൽ | ഒരു |

പ്രവർത്തനം - 6 മന:ക്കണക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| യുക്തിചിന്തയിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകുക. | യുക്തിചിന്ത ഉളവാക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. ചർച്ച-ക്രോഡീകരണം, നിഗമന രൂപീകരണ/പ്രശ്നപരിഹരണം | രണ്ടാഴ്ച |

പ്രവർത്തനം - 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജ്യാമിതീയ രൂപ നിർമ്മാണം. | ജ്യാമിതീയ രൂപങ്ങളുടെ ശേഖരണം, നിർമ്മാണം/വരയ്ക്കൽ. ജ്യാമിതീയ രൂപങ്ങളുടെ പ്രത്യേകത കണ്ടെത്തുക | |

പ്രവർത്തനം - 8

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മ ന : ക്ക ണ ക്കി ന്റെ പ്രാധാന്യം | പ്രശ്നങ്ങളെ അഭിമുഖാകരിക്കുകയും അവയെ മന:ക്കണക്കിലൂടെ കണ്ടെത്താനുള്ള താല്പര്യം വളർത്തുക. ലളിതമായ പ്രവർത്തനങ്ങളിലൂടെ മന:ക്കണക്കിന്റെ സാധ്യത കണ്ടെത്തുക | |

പ്രവർത്തനം - 9

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗ്രാഫുകൾ, ചിത്രങ്ങൾ എന്നിവയിലൂടെ ആശയം ലളിതവത്ക്കരിക്കുന്നതിന് | ചിത്രഗ്രാഫ്, ബാർഗ്രാഫ്, വൃത്തഗ്രാഫ് തുടങ്ങിയവ നിരീക്ഷിക്കുകയും പട്ടികപ്പെടുത്തുകയും ചെയ്യുക, ആശയധാരണ രൂപീകരിക്കുക, ഗ്രാഫിന്റെ പ്രാധാന്യം/മെച്ചം കണ്ടെത്തുക, ഇവയുടെ ശേഖരണം-ന്യൂസ് പേപ്പർ/മാസികകൾ. | |

പ്രവർത്തനം - 10

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അഞ്ചക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം, സ്ഥാനവില | അഞ്ചക്കസംഖ്യകളുടെ സ്ഥാനവിലയെക്കുറിച്ചുള്ള ധാരണകൾ- അവ വായിക്കുന്നതിന്, പിരിച്ചെഴുതുന്നതിന്, അവയുടെ സങ്കലനം, വ്യവകലം എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന് | |

## പ്രവർത്തനം - 11 ബന്ധം കണ്ടെത്താം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ല. സാ. ഗു., ഉ. സാഘ സംഖ്യകൾ എന്നിവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നതിന് | രണ്ട്സംഖ്യകൾ വീതം എടുത്ത് ല.സാ.ഗു.,ഉ.സാഘ.ഇവകണ്ടെത്തി പട്ടികപ്പെടുത്തുന്നു | ഒരാഴ്ച |

## പ്രവർത്തനം - 12

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വർഗ്ഗസംഖ്യകളുടെ പ്രത്യേകത കണ്ടെത്തുന്നതിന് | വർഗ്ഗസംഖ്യകളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിന്, അവയുടെ ചിത്രീകരണം, വിവിധരീതിയിൽ വ്യാഖ്യാനിക്കുക, അവയുടെ ബന്ധം കണ്ടെത്തൽ, പട്ടികപ്പെടുത്തൽ, പാറ്റേൺ രൂപീകരിക്കുക | രണ്ടാഴ്ച |

## പ്രവർത്തനം - 13

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ശതമാനത്തെ ലളിതമാക്കുന്നതിന്. | ശതമാനത്തിന്റെ സമാനഭിന്നങ്ങൾ കണ്ടെത്തുന്നതിന്, ഒരുസംഖ്യയുടെ നിശ്ചിതശതമാനം | ഒരാഴ്ച |

## പ്രവർത്തനം - 14

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| മട്ടത്രികോണത്തിന്റെ വശങ്ങളുടെ ബന്ധം | മട്ടത്രികോണം വരയ്ക്കൽ, വശങ്ങൾ അളക്കൽ, പട്ടികപ്പെടുത്തൽ, താരതമ്യം, ബന്ധം കണ്ടെത്തൽ, പൈഥഗോറിയൻ ത്രയങ്ങളുടെ കണ്ടെത്തൽ | ഒരാഴ്ച |

## പ്രവർത്തനം - 15 ഗണിതക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഗണിതത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിന്. | ഗണിതക്ലബ്ബ് രൂപീകരണം, ഭാരവാഹികളെ തീരുമാനിക്കുക, ചുമതലകൾ, സംഘാടനം, നടത്തേണ്ടപ്രവർത്തനങ്ങളുടെ മുൻഗണന തീരുമാനിക്കുക, അവതരണം മെച്ചപ്പെടുത്തൽ | ഒരു വർഷം |

## പ്രവർത്തനം - 16 പോർട്ട് ഫോളിയോ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സ്വയം വിലയിരുത്തുന്നതിനും പരസ്പരം വിലയിരുത്തുന്നതിനുമുള്ള അവസരം ഒരുക്കൽ | പഠനപ്രവർത്തനങ്ങളുടെ തെളിവുകളുടെ പ്രദർശനം, ചിത്രങ്ങൾ/ശേഖരങ്ങൾ/പഠനോപകരണം/വർഗ്ഗഷീറ്റുI Ä etc. | ഒരു വർഷം |